ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 11 | ലക്കം 2 | മെയ് 2007 | പേജ് 6

യുവജനങ്ങളെ വരവേല്ക്കാൻ വാകത്താനം ഒരുങ്ങി

കോട്ടയം: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ 71-ാമതു വാർഷിക സമ്മേളനം 2007 മെയ് 20-ാംതീയതി ഞായറാഴ്ച വാകത്താനം പുത്തൻചന്ത സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടക്കുകയാണ്.

യുവജനപ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് അഭിവന്ദ്യ ഡോ. യൂഹാന്നോൻ മാർ മിലിത്തോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം സഭയുടെ പുതിയ അത്മായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് ഉദ്ഘാടനം ചെയ്യും. ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. സഖറിയ പെരിയോർമറ്റം, വാകത്താനം ഡിസ്ട്രിക്ട് പ്രസിഡന്റ് ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കൽ, യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ ഉമ്മൻ ജോൺ, ഇടവക വികാരി ഫാ. എം. പി. ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിക്കും.

ആലപ്പുഴ മെഡിക്കൽ കോളേജ് സൈക്യാട്രിസ്റ്റ് ഡോ. വർഗീസ് പുന്നൂസ്, കോട്ടയം ഭാരത് ഹോസ്പിറ്റൽ ഗൈനക്കോളജിസ്റ്റ് ഡോ. ഷെറിൻ വർഗീസ് എന്നിവർ "സുകൃത ജീവിത ദർശനം സഫല യൗവനത്തിന്" എന്ന ചർച്ചയ്ക്ക് നേതൃത്വം നല്കും. പത്തനാപുരം ദയറായിലെ ഫാ. ഡോ. മർക്കോസ് ജോസഫ് "ഭൗമ പറുദീസാ ദർശനം" എന്ന വിഷയത്തിൽ ക്ലാസ്സ് നയിക്കും.

സമാപന സമ്മേളനം ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. തോമസ് പി. സഖറിയ അദ്ധ്യക്ഷത വഹിക്കും. യുവജനപ്രസ്ഥാനം കേന്ദ്ര സെക്രട്ടറി ഫാ. സ്പെൻസർ കോശി, മുൻ കേന്ദ്ര സെക്രട്ടറി ഫാ. വർഗീസ് വർഗീസ്, ഫാ. സി. ജോൺ ചിറത്തലാട്ട്, സാം വർഗീസ്, രഞ്ജു കെ. മാത്യു, സാബു ജേക്കബ് എന്നിവർ പ്രസംഗിക്കും.

സപ്തതി ആഘോഷങ്ങൾക്ക് അനുഗൃഹീത പരിസമാപ്തി

രഞ്ജു കെ. മാത്യു

കുഴിമറ്റം: ഒരുവർഷം നീണ്ടുനിന്ന സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ സപ്തതി യാഘോഷങ്ങൾക്ക് അനുഗ്രഹീത പരിസമാപ്തി. കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്താ സ്തേഫാനോസ് മാർ തേവോദോസ്യോസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ഫാ. പി. എ. തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന ജോ. സെക്രട്ടറി സാബു ജേക്കബ്, ബിനു ഏബ്രഹാം, അഭിനന്ദ് പി. ഷായി എന്നിവർ പ്രസംഗിച്ചു. 2006 മെയ് 7 ന് അന്നത്തെ കേരള മുഖ്യ

(ശേഷം 5 -ാം പേജിൽ)



സെന്റ് ജോർജ് യുവജനപ്രസ്ഥാനം സപ്തതിയാഘോഷങ്ങളുടെ സമാപനം സ്തേഫാനോസ് മാർ തേവോദോസ്യോസ് ഉദ്ഘാടനം ചെയ്യുന്നു. സാബു ജേക്കബ്, ബിനു ഏബ്രഹാം, ഫാ. പി. എ. തോമസ് എന്നിവർ സമീപം.

ഓർത്തഡോക്സ് സഭയ്ക്ക് പുതിയ നേതൃത്വം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ കൂട്ടുട്രസ്റ്റിമാരായി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും എം. ജി. ജോർജ് മുത്തൂറ്റിനെയും മാർച്ച് 21ന് പരുമലയിൽ കൂടിയ മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തു. സഭാ സെക്രട്ടറിയായി ഡോ. ജോർജ് ജോസഫിനെ മെയ് 2ന് പഴയ സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി യോഗവും തെരഞ്ഞെടുത്തു.

ട്രസ്റ്റി സ്ഥാനത്തേയ്ക്ക് വാശിയേറിയ മത്സരമാണ് നടന്നത്. വൈദിക ട്രസ്റ്റി സ്ഥാനത്തേയ്ക്ക് ഫാ. ഡോ. ഒ. തോമസും ഫാ. ഡോ. ജോൺസ് ഏബ്രഹാമും തമ്മിൽ നേരിട്ടുള്ള മത്സരമാണ് നടന്നത്. അത്മായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് പൊതു തെരഞ്ഞെടുപ്പിൽ കാണുന്നതുപോലെയുള്ള പ്രചരണ പരിപാടികളും തന്ത്രങ്ങളും കുതന്ത്രങ്ങളും ഏവരും പരീക്ഷിച്ചു. ആദ്യം മുതലേ വ്യക്തമായ മുൻതൂക്കം നേടിയാണ് എം. ജി. ജോർജ് ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ടത്.

കോട്ടയം ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റിയംഗങ്ങളായി ഫാ. പി. യു. കുരുവിള, ഫാ. ഐസക്. പി. ഡേവിഡ്, പ്രൊഫ. ജേക്കബ് കുര്യൻ, ചെറിയാൻ വർഗീസ്, സോബിച്ചൻ എബ്രഹാം, എം. എം. സഖറിയ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ഫാ. ജോൺസ് ഏബ്രഹാം



എം. ജി. ജോർജ്ജ്



ഡോ. ജോർജ്ജ് ജോസഫ്

– ജോർജിയൻ ടീം

വോട്ടിംഗ് നില

വൈദികട്രസ്റ്റി:		ഡോ. കുര്യൻ മത്തായി	14
ഫാ. ഡോ. ജോൺസ് ഏബ്രഹാം	2059	**സെക്രട്ടറി**	
ഫാ. ഡോ. ഒ. തോമസ്	1037	ഡോ. ജോർജ് ജോസഫ്	47
അത്മായട്രസ്റ്റി:		അഡ്വ. ബിജു ഉമ്മൻ	45
എം. ജി. ജോർജ്	2097	ഡോ. റ്റി. എ. ജോർജ്	33
റോയി. എം. മാത്യു	735	എം. എം. സഖറിയാ	22
പോൾ മത്തായി	228	അഡ്വ. ജോസഫ് ജോൺ	14
എം. സി. പൗലോസ്	66	ജേക്കബ് ഡാനിയേൽ	0

ഫാ. പി. എ. തോമസ് പുതിയ വികാരി

കുഴിമറ്റം: സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ പുതിയ വികാരിയായി ഫാ. പി. എ. തോമസ് കളരിക്കൽ ചുമതലയേറ്റു. കനകപ്പലം സെന്റ് ജോർജ് പള്ളി വികാരിയായിരുന്ന ഇദ്ദേഹം മുണ്ടക്കയം, കൂട്ടിക്കൽ, പുഞ്ചവയൽ, പൊൻകുന്നം, ആനിക്കാട്, പാമ്പാടി കത്തീഡ്രൽ, വാകത്താനം വലിയപള്ളി, ബാംഗ്ലൂർ മാർ ഗ്രിഗോറിയോസ് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂരോപ്പട സെന്റ് ജോൺസ് പള്ളി ഇടവകാംഗമായ ഇദ്ദേഹം 1983-ലാണ് വൈദികനായത്.

ഫാ. ജയ് സഖറിയായ്ക്ക് യാത്രയയപ്പ് നൽകി

കുഴിമറ്റം: കഴിഞ്ഞ മൂന്നു വർഷമായി കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയായി പ്രവർത്തിച്ച് വാകത്താനം വലിയപള്ളി, മൂലേടം സെന്റ് മേരീസ് എന്നീ പള്ളികളിലേയ്ക്ക് സ്ഥലം മാറി പോകുന്ന ഫാ. ജയ് സഖറിയ മൂലക്കാട്ടിന് ഇടവക സമുചിതമായ യാത്രയയപ്പ് നൽകി. പള്ളിയിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ വിവിധ ആത്മീയ സംഘടനാ ഭാരവാഹികൾ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഇടവകയുടെ ഉപഹാരം ട്രസ്റ്റി അലക്സ്. ഡബ്ലു. തോമസ് അച്ചന് സമ്മാനിച്ചു.

'ജോർജിയൻ' വെബ് എഡിഷൻ

പത്തു വർഷം മുമ്പ് കൈയെഴുത്ത് മാസികയായി ആരംഭിച്ച് ഇന്ന് ഇടവകയുടെ മുഖപത്രമായി മാറിയിരിക്കുന്ന ജോർജിയന്റെ വെബ് എഡിഷൻ ആരംഭിച്ചു. ജോർജിയന്റെ ഓൺലൈൻ എഡിഷൻ **http:// georgian.malankaraorthodox.tv** എന്ന വിലാസത്തിൽ ലഭ്യമാണ്.

ആദരാഞ്ജലികൾ



എം. പി. ഫിലിപ്പ്

മുതലകേരിൽ

St. George Youth Movement, Kuzhimattam

എഡിറ്റോറിയൽ

യുവജനപ്രസ്ഥാനം സപ്തതി നിറവിൽ...

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ സപ്തതി ആഘോഷങ്ങളുടെ സമാപനം ഇടവക ദിനത്തിൽ അഭിവന്ദ്യ സ്തേഫാനോസ് മോർ തേവേദോസ്യോസ് തിരുമേനി നിർവ്വഹിച്ചുവെങ്കിലും പ്രസ്ഥാനം പ്രവർത്തനങ്ങൾ ഇവിടെ പൂർണ്ണമാകുന്നില്ല; പുതിയ ഒരു പ്രയാണത്തിന്റെ തുടക്കം മാത്രമാണിത്. സപ്തതി ആഘോഷ പരിപാടികൾ ഭംഗിയായി നടന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം കൈത്താങ്ങലുകൾ നല്കിയ എല്ലാ ഇടവകാംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കട്ടെ. തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരുടേയും സഹകരണവും പ്രതീക്ഷിക്കുന്നു.

പത്ത് വർഷം മുമ്പ് ഒരു ഓഫീസ് ഫയലിൽ രൂപം കൊള്ളുകയും നാലാം പിറന്നാളിൽ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്ത ജോർജിയൻ ഈ ലക്കം മുതൽ വെബ്സൈറ്റ് എഡിഷൻ ആരംഭിക്കുകയാണ്. ജോർജിയന്റെ ചരിത്രത്തിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലാണ് ഇത്.

മലങ്കരസഭയുടെ പുതിയ അമരക്കാരായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് (സഭാ വൈദിക ട്രസ്റ്റി) എം. ജി. ജോർജ് മുത്തൂറ്റ് (സഭാ അത്മായ ട്രസ്റ്റി) ഡോ. ജോർജ് ജോസഫ് (സഭാ സെക്രട്ടറി) എന്നിവരെ അഭിനന്ദിക്കുന്നു. സഭയേയും സമൂഹത്തേയും നയിക്കുവാനും 2012 -ൽ കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ നൂറാം വാർഷിക ആഘോഷങ്ങൾ ഭംഗിയായി നടത്തുന്നതിനായും പുതിയ സാരഥികൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ ശതാബ്ദിയാഘോഷപരിപാടികൾ ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു.

യുവജനപ്രസ്ഥാനത്തിന്റെ യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവരെയും അഭിനന്ദിക്കുന്നു. കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് പുതിയ വർഷത്തിലും കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ നമുക്ക് കഴിയണം.

നമ്മുടെ കാവൽ പിതാവായ മാർ ഗീവർഗീസ് സഹദായുടെ ഓർമ്മപെരുന്നാളും ഇടവകദിനവും മെയ് 12, 13 തീയതികളിൽ സമുചിതമായി ആഘോഷിച്ചുവല്ലോ. തിന്മയെ പരാജയപ്പെടുത്തുവാനുള്ള ദൗത്യമാണ് സഹദാ തന്റെ ജീവിതത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത്. മാർ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ജോർജിയന്റെ ഈ വർഷത്തെ രണ്ടാമത് ലക്കം പ്രസിദ്ധീകരിക്കുവാൻ സഹായിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊണ്ട് ജോർജിയൻ ഇടവകയ്ക്കായി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

ഗീവർഗീസ് സി. ആർ.
(എഡിറ്റർ)

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം അടുത്ത ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ, ജോർജിയൻ
സെന്റ് ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
കുഴിമറ്റം പി. ഒ. കോട്ടയം - 686533
E-mail:
georgiankuzhimattom@gmail.com
Web:
http://georgian.malankaraorthodox.tv

ലേഖനം

നമ്മുടെ കാവൽപിതാവായ മാർ ഗീവർഗീസ് സഹദാ

ഫാ. പി. എ. തോമസ്, കളരിക്കൽ

സഹദേന്മാരിലും, പരിശുദ്ധന്മാരിലും, പുണ്യവാന്മാരിലും മദ്ധ്യസ്ഥത പ്രാപിക്കുന്നത് പുരാതനകാലം മുതലേ പരിശുദ്ധസഭയിൽ നിലനിന്നിരുന്ന ഒരു വിശ്വാസമാണ്. കർത്താവായ യേശുമശിഹായുടെ നാമ മഹിമയ്ക്കായി ജീവിതം സമർപ്പിച്ച് ജീവൻ പോലും ത്യജിച്ചവരാണ് സഹദേന്മാർ അഥവാ രക്തസാക്ഷികൾ. ആദിമസഭ പീഡനത്തിലൂടെ വളർന്നു വന്നതാണെന്ന ചരിത്രം നമുക്ക് സുപരിചിതമാണല്ലോ? പീഡനത്തിനു വിധേയപ്പെട്ടവരായ സഹദേന്മാരുടെയും, പരിശുദ്ധന്മാരുടെയും പുണ്യവാളന്മാരുടെയും നാമത്തിൽ ദേവാലയങ്ങൾ സ്ഥാപിച്ച് പെരുന്നാൾ ആഘോഷിക്കുന്ന പതിവ് പില്ക്കാലത്തുണ്ടായി.

ഓരോ സഭയ്ക്കും അവരവരുടേതായ പരിശുദ്ധന്മാരും സഹദേന്മാരുമുണ്ട്. എന്നാൽ ഗീവർഗീസ് സഹദായെ ഒട്ടുമിക്ക സഭകളും പരിശുദ്ധനായി അംഗീകരിച്ചിട്ടുണ്ട്. റോമൻ കത്തോലിക്കാ സഭ, ഓർത്തഡോക്സ് സഭകൾ എന്നിവ കൂടാതെ ചില രാജ്യങ്ങൾ പ്രത്യേകമായി അവരുടെ കാവൽപിതാവായി ഗീവർഗീസ് സഹദായെ അംഗീകരിച്ചിട്ടുണ്ട്. ഇംഗ്ലണ്ടും ജോർജിയായും പോർച്ചുഗലും ഗീവർഗീസ് സഹദായ്ക്ക് ആദരവ് നല്കുന്ന രാജ്യങ്ങളാണ്.

സെന്റ് ജോർജ് എന്ന നാമം 'Geos', 'orge' എന്നീ രണ്ടു ഗ്രീക്ക് വാക്കുകളിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണ്. 'Geos' എന്നാൽ *ഭൂമി* എന്നും 'orge'എന്നാൽ *കൃഷിക്കാരൻ* എന്നുമാണ്. 'George' എന്ന വാക്കിന്റെ അർത്ഥം *ഭൂമി ഉഴുതുന്ന കൃഷിക്കാരൻ* എന്നാണ്. ആദിമസഭയുടെ രണ്ട് നൂറ്റാണ്ടുകൾക്ക് ശേഷം സഭയുടെ വളർച്ചയ്ക്ക് ഉത്തമനായ കൃഷിക്കാരനെപ്പോലെ ദൈവരാജ്യ വയലിൽ വേല ചെയ്ത് രക്തസാക്ഷിയായവനാണ് മാർ ഗീവർഗീസ് സഹദാ.

ëActs of St. Georgeí എന്ന ലിഖിതത്തിൽ നിന്നുമാണ് ഗീവർഗീസ് സഹദായുടെ ചരിത്രത്തേക്കുറിച്ച് പില്ക്കാലത്ത് അറിവ് കിട്ടുന്നത്. എ. ഡി 496-ൽ എഴുതപ്പെട്ടു എന്ന് കരുതുന്ന ഈ ലിഖിതം പോപ്പ് ഗലാസിയൂസിന്റെ കാലത്താണ് കണ്ടെടുക്കപ്പെട്ടത്. ഇതിൽ പറയുന്നതനുസരിച്ച് കപ്പദോക്യ എന്ന സ്ഥലത്ത് ക്രൈസ്തവരായ മാതാപിതാക്കൾക്ക് ജനിച്ച കുട്ടിയാണ് സെന്റ് ജോർജ്. പിതാവിന്റെ മരണത്തെ തുടർന്ന് അമ്മയും മകനും കൂടി പലസ്തീനിലേക്ക് പോയി. അവിടെ അമ്മയുടെ അവകാശ ഭൂമിയായി ഉണ്ടായിരുന്ന സ്ഥലത്ത് താമസിച്ച് കൃഷിവേലകൾ നടത്തി വന്നു. ഇക്കാലത്താണ് ഗീവർഗീസ് സഹദാ പട്ടാളത്തിൽ ചേർന്നത്. ഡയോക്ലിഷൻ എന്ന ചക്രവർത്തിയാണ് അന്ന് രാജ്യം ഭരിച്ചിരുന്നത്.

പട്ടാളത്തിൽ ചേർന്ന സഹദാ വിശ്വസ്തനും കാര്യശേഷിയുള്ളവനുമായിരുന്നു. അതുകൊണ്ട് കാലക്രമേണ പട്ടാളത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായിത്തീർന്നു. ഗീവർഗീസ് സഹദാ പട്ടാള ഉദ്യോഗസ്ഥനായിരിക്കുന്ന കാലത്ത് രാജ്യം ഭരിച്ച ചക്രവർത്തി ക്രിസ്ത്യാനികളോട് വിരോധമുള്ളവനായിരുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളെ മുഴുവൻ പീഡിപ്പിക്കുന്നതിന് കല്പന പുറപ്പെടുവിച്ചു. ഈ കല്പന നടപ്പാക്കാതിക്കാൻ ഗീവർഗീസ് സഹദാ രാജാവിനോട് അപേക്ഷിച്ചു. ഇത് നിരസിച്ചതിനാൽ പട്ടാള ഉദ്യോഗം രാജി വെച്ച് ക്രിസ്തുവിന്റെ സാക്ഷിയാകാൻ തീരുമാനിച്ചു. യേശുക്രിസ്തുവിനെ തള്ളിപ്പറയുവാനുള്ള രാജാവിന്റെ നിർദ്ദേശം അദ്ദേഹം നിരസിച്ചതിനാൽ അദ്ദേഹത്തെ കാരാഗ്രഹത്തിൽ അടച്ച് പീഡിപ്പിച്ചു. തുടർന്ന് സഹദായെ നിലത്തിലൂടെ വലിച്ചിഴച്ച് കൊണ്ടുപോയി വധിച്ചു. ഗീവർഗീസ് സഹദായുടെ വിശ്വാസത്തിലും ധൈര്യത്തിലും സത്യമുണ്ടെന്നു മനസ്സിലാക്കിയ രാജ്ഞി യേശുവിൽ വിശ്വസിക്കുകയും ചക്രവർത്തിയാൽ വധിക്കപ്പെടുകയും ചെയ്തു എന്നാണ് ചരിത്രം പറയുന്നത്.

"എന്നെ ഓർത്ത് ആരെങ്കിലും സഹായം യാചിച്ചാൽ കർത്താവേ അതു നൽകേണമേ" എന്നായിരുന്നു ഗീവറുഗീസ് സഹദായുടെ അവസാന പ്രാർത്ഥന. ലോകത്തെമ്പാടുമുള്ള വിശ്വാസികൾ ഇന്നും ഗീവർഗീസ് സഹദായുടെ നാമത്തിൽ മദ്ധ്യസ്ഥത അപേക്ഷിച്ച് അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഇടവകയുടെ കാവൽ പിതാവു കൂടിയായ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥത ഇടവകയ്ക്ക് അനുഗ്രഹവും കോട്ടയും ആയിരിക്കട്ടെ....

◆

പുത്തൻ അദ്ധ്യയനവർഷത്തെ വരവേല്ക്കുമ്പോൾ...

ഗ്രേസ് ബാബു എം. എ. വാഴച്ചിറ

കുസൃതിക്കുടുക്കകളും ക്യാമ്പസ് കൗമാരങ്ങളും ഒരുപോലെ കാത്തിരുന്ന പുത്തൻ അദ്ധ്യയന വർഷം ഇതാ ആഗതമായി. ജീവിത പ്രാരാബ്ധങ്ങളുടെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള വ്യഗ്രതയിൽ പരക്കം പായുന്ന മാതാപിതാക്കൾ കുട്ടികളുടെ ആവലാതികളും പ്രശ്നങ്ങളും വേണ്ടത്ര ചെവിക്കൊള്ളുന്നവരാണോ?

ജീവിതസൗകര്യങ്ങൾ വർദ്ധിക്കുന്തോറും പരിമിതികളില്ലാതെ സ്വപ്നം കാണുകയെന്നത് മനുഷ്യസഹജമാണ്. സ്വന്തം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെലവു ചുരുക്കി ജീവിക്കുകയും ഒഴുക്കിന് അനുസരിച്ച് നീന്തുന്നവരായും തള്ളേണ്ടതിനെ തള്ളിയും കൊള്ളേണ്ടതിനെ കൈകൊണ്ടും ജീവിത പന്ഥാവിൽ മുന്നേറുന്നതിനുള്ള പരിശീലനം കുടുംബത്തിൽ നിന്നു തന്നെ കുട്ടിക്ക് ലഭ്യമാകട്ടെ.

പുറംലോകം മത്സരങ്ങളുടെ കൂമ്പാരം തന്നെ. എന്റെ മക്കൾ ജീവിത മത്സരത്തിൽ പുറന്തള്ളപ്പെട്ടു പോകുമോയെന്ന ഭയമാണ് മാതാപിതാക്കൾക്ക്. തനിക്ക് നേടുവാൻ സാധിക്കാതെ പോയത് തന്റെ മക്കൾ നേടിയെടുക്കണമെന്ന വാശിയും ചിലർക്കെങ്കിലുമുണ്ടാവും. ഇവയൊക്കെ കുട്ടികളിൽ അമിത സമ്മർദ്ദം ചെലുത്തുമ്പോൾ അവർ അസ്വസ്ഥരാകുന്നു. അതോടൊപ്പം കുടുംബവും അസ്വസ്ഥമാകുവാൻ തുടങ്ങുകയായി. താനൊരു ഡോക്ടർ അഥവാ എഞ്ചിനിയർ ആകുന്നില്ലെങ്കിൽ മറ്റേതുമല്ലെന്ന തോന്നൽ ചെറുപ്പം മുതലേ കുഞ്ഞുങ്ങളിൽ ബലപ്പെട്ടു വരുന്നു. അതിനു വേണ്ടി മാത്രമുള്ള തീവ്രമായ പഠനരീതി യഥാർത്ഥത്തിൽ കുട്ടിയെ വീർപ്പുമുട്ടിക്കും. പള്ളി പെരുന്നാൾ, പാടത്തെ വിളവെടുപ്പ്, വല്യപ്പച്ചന്റെ ഓർമ്മദിനം, ബന്ധുക്കളുടെ വിവാഹം,..... ഇവയൊക്കെ അദ്ധ്യയന ദിവസങ്ങളായാൽ പോലും അവധിയെടുക്കുകയെന്നുള്ളത് കുട്ടികൾ അവകാശമായി കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് സന്തോഷകരമായി ഒന്നു കളിക്കാനോ റേഡിയോ കേൾക്കാനോ, ടെലിവിഷൻ കാണുവാനോ, എന്തിന് പത്രം വായിക്കുവാനോ ഉള്ള സമയം പോലും കുട്ടിക്ക് അനുവദിക്കുന്നില്ല.

പള്ളി പെരുന്നാൾ, പാടത്തെ വിളവെടുപ്പ്, വല്യപ്പച്ചന്റെ ഓർമ്മദിനം, ബന്ധുക്കളുടെ വിവാഹം,..... ഇവയൊക്കെ അദ്ധ്യയന ദിവസങ്ങളായാൽ പോലും അവധിയെടുക്കുകയെന്നുള്ളത് കുട്ടികൾ അവകാശമായി കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് സന്തോഷകരമായി ഒന്നു കളിക്കാനോ റേഡിയോ കേൾക്കാനോ, ടെലിവിഷൻ കാണുവാനോ, എന്തിന് പത്രം വായിക്കുവാനോ ഉള്ള സമയം പോലും കുട്ടിക്ക് അനുവദിക്കുന്നില്ല.

സാമൂഹ്യ പ്രതിബദ്ധതയേറെയുള്ള 'വ്യക്തികൾ' തന്നെയാണ് കുട്ടികൾ. എന്നാൽ സമൂഹവുമായുള്ള അയഞ്ഞ ബന്ധം സഹജീവി സ്നേഹം നഷ്ടപ്പെടുത്തുന്നതായി കാണാം. വിലാപ ഭവനത്തിൽ എത്തിയാൽ കരയണോ, പരിചയക്കാരെക്കണ്ടാൽ ചിരിക്കണോ.... ഇപ്രകാരം വികാരങ്ങൾ എങ്ങനെ പ്രകടിപ്പിക്കണമെന്നു പോലും നമ്മുടെ കുഞ്ഞുങ്ങൾ മനസ്സിലാക്കുന്നില്ല. "അത് ചെയ്യരുത്, ഇത് ചെയ്യണം എല്ലായ്പ്പോഴും വിലക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ അവർക്ക് ഏതു പ്രകാരവും മാതൃകയാവണമെന്നാണ് ഏറെ കരണീയം. നല്ല വ്യക്തികൾ ഉണ്ടായാലേ നല്ല കുടുംബങ്ങൾ ഉണ്ടാവൂ. നല്ല കുടുംബത്തിൽ നിന്നു മാത്രമേ നല്ല സമൂഹവും സഭയും ഉണ്ടാവൂ.

ക്രിസ്തീയ മൂല്യങ്ങൾക്കധിഷ്ഠിതമായ ജീവിതം നയിക്കുവാൻ ചെറുപ്പം മുതൽ കുട്ടികൾക്ക് പരിശീലനം നല്കണം. സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങളിൽ കുഞ്ഞുങ്ങളെ പങ്കാളികളാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

സാമൂഹ്യ വ്യവസ്ഥിതിയിൽ വന്ന മാറ്റങ്ങൾ മനസ്സിലാക്കിക്കൊണ്ട് കുടുംബബന്ധങ്ങളുടെ ഘടനയിൽ വന്ന വിസ്മയാവഹമായ മാറ്റങ്ങൾക്ക് അനുസരിച്ച് ജീവിതം പാകപ്പെടുത്തുവാൻ മനഃപൂർവ്വമായ പരിശീലനം നൽകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. അതിനായി കുട്ടികളേയും മാതാപിതാക്കളേയും പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിക്കാം.... പുത്തൻ അദ്ധ്യയന വർഷത്തെ വരവേല്ക്കുമ്പോൾ ദൈവകൃപയ്ക്കായി നമുക്ക് ഒരുമയോടെ പ്രാർത്ഥിക്കാം.

◆

സെന്റ് ജോർജ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം
കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2007-08

പ്രസിഡന്റ്

ഫാ. പി. എ. തോമസ് കളരിക്കൽ

വൈസ് പ്രസിഡന്റ്

പി. ജെ. കുര്യൻ, പാലമൂട്ടിൽ

രഞ്ജു. കെ. മാത്യു

കരോട്ടു പുത്തൻപുരയ്ക്കൽ

സെക്രട്ടറി

ബിനു ഏബ്രഹാം കാരണിക്കുളം

ജോയിന്റ് സെക്രട്ടറി

അഭിനന്ദ്. പി. ഷായി

കുമ്പാടി പുത്തൻപുരയ്ക്കൽ

മിട്ടു ജേക്കബ് ആൻഡ്രൂസ് കൊട്ടുപ്പള്ളിൽ

ട്രഷറർ

സോബി ചാക്കോ എരുമത്താനം

കമ്മറ്റിയംഗങ്ങൾ

സജിൻ സാബു പാട്ടത്തിൽ

സിജിത്ത് കുന്നപ്പള്ളി നീലഞ്ചിറ

പ്രവീൺ ജോസഫ് കാവനാടിയിൽ

രഞ്ജിത്ത് ഏബ്രഹാം കാരാണിക്കുളം

അരുൺ മർക്കോസ് മാടപ്പാട്ട്

വിശാൽ അലക്സ് മോടിശ്ശേരി വല്യത്തിൽ

കലാസാഹിത്യവേദി കൺവീനർ

റ്റിന്റു തോമസ് വയലാറ്റ്

ജോയിന്റ് കൺവീനർ

സഞ്ചു തോമസ്, പുലിപ്രാ

പള്ളി മാനേജിംഗ് കമ്മറ്റിയംഗം

പി. ജെ. കുര്യൻ പാലമൂട്ടിൽ

എഡിറ്റർ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

പള്ളം ഗ്രൂപ്പ് പ്രതിനിധി

ഹാൻസ് ബാബു, പട്ടശ്ശേരിൽ

ലൈബ്രേറിയൻ

റിറ്റു ഫിലിപ്പോസ്, പാച്ചിറ

ഓഡിറ്റേഴ്സ്:

രാജ് ഫിലിപ്പ് മുതലകേരിൽ

സിജോ കുര്യൻ മാന്തടത്തിൽ

ജോർജിയൻ

രക്ഷാധികാരി

ഫാ. പി. എ. തോമസ് കളരിക്കൽ

എഡിറ്റർ

ഗീവർഗീസ്. സി. ആർ ചിറപ്പുറം

എഡിറ്റോറിയൽ ബോർഡ്

രഞ്ജു. കെ. മാത്യു
കരോട്ടു പുത്തൻപുരയ്ക്കൽ,
സിജിത്ത് കുന്നപ്പള്ളി, നീലഞ്ചിറ
ജിജോമോൻ. പി. എസ്, പാറപ്പറമ്പിൽ
ജോൺസൺ. പി. ഏബ്രഹാം, പാലമൂട്ടിൽ
ശ്രുതി മറിയം ബാബു, മാമ്മൂട്ടിൽ
ലോയിസ് അന്നാ റോബി, കാരാണിക്കുളം
റെയ്നി തോമസ്, പാട്ടത്തിൽ

ഭദ്രാസന കലാമത്സരം: കുഴിമറ്റം സെന്റ് ജോർജിന് മികച്ച നേട്ടം

കോട്ടയം: യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന 'യൂത്ത് ഫെസ്റ്റ് 2007' ൽ നമ്മു ടെ യുവജനപ്രസ്ഥാനം മികച്ച നേട്ടം കൈവരി ച്ചു. യുവജന പ്രസ്ഥാനാംഗങ്ങളായ അഞ്ജലി ആൻ ഏബ്രഹാം (സിംഗിൾ സോങ്ങ് ഒന്നാം സ്ഥാനം, ഗ്രൂപ്പ് സോങ്ങ് ഒന്നാം സ്ഥാനം), അച്ചു ശോശാ ഏബ്രഹാം (ഗ്രൂപ്പ് സോങ് ഒന്നാം സ്ഥാനം), സൈറ സാറാ ഷാജി (ഗ്രൂപ്പ് സോങ്ങ് ഒന്നാം സ്ഥാനം), സിജിത്ത് കുന്ന പ്പള്ളി (കഥാരചന മൂന്നാം സ്ഥാനം), ജോർജി. സി. ആർ (വാട്ടർ കളറിംഗ് മൂന്നാം സ്ഥാനം)

അഞ്ജലി

അച്ചു

സൈറ

സിജിത്ത്

ജോർജി

എന്നിവർ സമ്മാനർഹരായി.

വിജയികളെ ഫാ. പി. എ. തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യുവജന പ്രസ്ഥാ നയോഗം അനുമോദിച്ചു.

യുവജന പ്രസ്ഥാനം പ്രവർത്തനോദ്ഘാടനവും മുൻകാല പ്രവർത്തന സംഗമവും

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്രസ്ഥാ നത്തിന്റെ 2007-08 വർഷത്തിലെ പ്രവർത്തന ഉദ്ഘാടനവും മുൻകാല പ്രവർത്തകരുടെ സംഗമവും ഏപ്രിൽ 14-ാം തീയതി ശനിയാഴ്ച യൂണിറ്റ് പ്രസിഡന്റ് ഫാ. ജയ് സഖറിയായുടെ അദ്ധ്യക്ഷതയിൽ നടത്തി. യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. തോമസ്. പി. സഖറിയ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബോബൻ. പി. ഏബ്രഹാം, അലക്സ്. ഡബ്ല്യു. തോമസ്, പി. ഐ. മാത്യു, റ്റി. വി. കുര്യൻ, പി. ജെ. കുര്യൻ, അഭിനന്ദ്. പി. ഷായി എന്നി വർ പ്രസംഗിച്ചു. 2006-07 വർഷത്തിലെ പ്രവർത്തനങ്ങളെ മുൻ സെക്രട്ടറി ഗീവർഗീ സ്. സി. ആർ വിശകലനം ചെയ്യുകയും 2007 -08 വർഷത്തിലെ പ്രവർത്തനങ്ങൾ സെക്രെ ട്ടറി ബിനു ഏഹ്രഹാം അവതരിപ്പിക്കുകയും ചെയ്തു.

രഞ്ജു കെ. മാത്യു 'യുവദർപ്പണം' എഡിറ്റർ

കോട്ടയം: കുഴിമറ്റം സെന്റ് ജോർജ് യുവ ജനപ്രസ്ഥാനം വൈസ് പ്രസിഡന്റും ജോർജി യൻ മുൻ എഡിറ്റർ രഞ്ജു. കെ. മാത്യുവിനെ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ മുഖപത്രമായ 'യുവദർപ്പണ'ത്തിന്റെ ചീഫ് എഡിറ്ററായി തെരഞ്ഞെടുത്തു. ഭദ്രാസന ജോയിന്റ് സെക്രട്ടറി കൂടിയാണ് രഞ്ജു.

ജോർജിയൻ, കോട്ടയം ഭദ്രാസന യുവജ നപ്രസ്ഥാനത്തിന്റെ "മാർഗ്ഗദീപം", യുവ ദർശനം വാർഷിക സ്മരണിക എന്നീ പ്രസി ദ്ധീകരണങ്ങളുടെ എഡിറ്ററായും പ്രവർത്തി ച്ചിട്ടുള്ള രഞ്ജുവിന് ലഭിച്ച അംഗീകാരം ഇട വകയ്ക്കും ജോർജിയനുമുള്ള അംഗീകാരം കൂടിയാണ്.

യുവജന പ്രസ്ഥാനം പള്ളം ഡിസ്ട്രിക്ട് വാർഷിക സമ്മേളനം

കുറിച്ചി: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്ട് വാർഷിക സമ്മേളനം കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് പള്ളിയിൽ സ്തേഫാ നോസ് മാർ തേവോദോസിയോസ് മെത്രാപ്പോ ലീത്താ ഉദ്ഘാടനം ചെയ്തു. യുവജനപ്ര സ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. തോമസ്. പി. സഖറിയ അദ്ധ്യക്ഷനായിരുന്നു. ഫാ. ജേക്കബ് കുര്യൻ "യുവജനങ്ങളും സഭാ ജീവിതപുതുക്കവും" എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഡിസ്ട്രിക്ട് പ്രസി ഡന്റ് ഫാ. സി. എ. വറുഗീസ്, ഭദ്രാസന ജോയിന്റ് സെക്രട്ടറി രഞ്ജു. കെ. മാത്യു, ഡിസ്ട്രിക്ട് ഓർഗനൈസർ ആൻസൺ കുര്യൻ, ഭദ്രാസന കമ്മറ്റിയംഗം രാജ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് 'യൂത്ത് ഫെസ്റ്റ് 2007' വിജയികൾക്കുള്ള സമ്മാനം ഫാ. തോമസ്. പി. സഖറിയ വിതരണം ചെയ്തു.

ഒ. വി. ബി. എസ്. ക്ലാസുകൾക്ക് വർണ്ണശബളമായ സമാപനം

കുഴിമറ്റം: ഏപ്രിൽ 9 ന് ആരംഭിച്ച 'ഒ. വി. ബി. എസ്. 2007' ക്ലാസുകളുടെ സമാപന സമ്മേളനം ഏപ്രിൽ 21 ന് സിസ്റ്റർ റിബേക്കാ എസ്. ഐ. സി. ഉദ്ഘാടനം ചെയ്തു. ഫാ. ജയ് സഖറിയാ അദ്ധ്യക്ഷനായിരുന്നു. കെ. എസ്. വർഗീസ്, പി. ഐ. മാത്യു, ബിനു ഏബ്രഹാം, സജിൻ പി. സാജൻ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. സമാപന ദിവസം ബഥനി ആശ്രമം ചുറ്റിയുള്ള കുട്ടികളുടെ വർണ്ണശബളമായ റാലിയും സമാ പന സമ്മേളനത്തെത്തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. ഇട വക വികാരി ഫാ. പി. എ. തോമസ് സമ്മാന ങ്ങൾ വിതരണം ചെയ്തു.

ഒ. വി. ബി. എസ്സ് 2007 ന്റെ ചെയർമാ നായി ഫാ. ജയ് സഖറിയാ, സൂപ്രണ്ടായി റ്റി. വി. കുര്യൻ, കൺവീനറായി ജിബു സാബു, ജോയിന്റ് കൺവീനറായി ഗീവർഗീസ് ആർ എന്നിവർ സേവനമനുഷ്ഠിച്ചു. റീനി ബാബു, മെറീനാ ജോയി, ലോയിസ് അന്നാ റോബി എന്നിവർ കുട്ടികളെ ഗാനങ്ങൾ പരിശീലി പ്പിച്ചു.

യുവജനപ്രസ്ഥാനത്തെ ഇവർ നയിക്കുന്നു

പി. ജെ. കുര്യൻ (വൈസ് പ്രസിഡന്റ്)

രഞ്ജു കെ. മാത്യു (വൈസ് പ്രസിഡന്റ്)


ബിനു ഏബ്രഹാം (സെക്രട്ടറി)

അഭിനന്ദ് പി. ഷായി (ജോയിന്റ് സെക്രട്ടറി)

മീട്ടു ജേക്കബ് (ജോയിന്റ് സെക്രട്ടറി)

ഫാ. സ്പെൻസർ കോശി യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി



കോട്ടയം: യുവജന പ്രസ്ഥാനം കേന്ദ്ര ജന റൽ സെക്രട്ടറിയായി ഫാ. സ്പെൻസർ കോശിയെ പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു. തിരുവനന്ത പുരം ഭദ്രാസനത്തിലെ ആയൂർ സെന്റ് മേരീസ് ഇടവകാംഗമായ ഇദ്ദേഹം ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകനാണ്.

യുവജനപ്രസ്ഥാനം വാർഷിക ക്യാമ്പ് ഓഗസ്റ്റിൽ

കോട്ടയം: യുവജനപ്രസ്ഥാനം 71-ാം അന്തർദേശീയ സമ്മേളനം ഓഗസ്റ്റ് അവ സാനവാരം കൊട്ടാരക്കരയിൽ നടക്കും. കൊല്ലം - തിരുവനന്തപുരം ഭദ്രാസനങ്ങളുടെ ചുമതലയിൽ സമ്മേളനം നടക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു.

ഭദ്രാസന വാർഷിക ധ്യാനയോഗം

ഞാലിയാകുഴി: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന വാർഷികധ്യാനം മാർച്ച് 31-ാംതീ യതി ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വച്ച് നടത്തപ്പെട്ടു. ധ്യാന യോഗത്തിന് ഫാ. കെ. എസ്. ശാമുവേൽ വെൺമണി നേതൃത്വം നൽകി. വെരി. റവ. പി. സി. യോഹന്നാൻ റമ്പാൻ, ഫാ. തോമ സ്. പി. സഖറിയ, സാം വർഗീസ്, രഞ്ജു. കെ. മാത്യു എന്നിവർ പ്രസംഗിച്ചു.

അനുശോചനം

കുഴിമറ്റം: യുവജനപ്രസ്ഥാനം മുൻ സെക്രട്ടറിയും സജീവ പ്രവർത്തകനുമായ മുതലകേശിൽ രാജ് ഫിലിപ്പിന്റെ പിതാവായ എം. പി. ഫിലിപ്പിന്റെ ദേഹവിയോഗത്തിൽ യുവജനപ്രസ്ഥാനം യോഗം അനുശോചിച്ചു.

കുടുംബാരാധന യോഗങ്ങൾ ആരംഭിച്ചു

കുഴിമറ്റം: സെന്റ് ജോർജ് യുവജനപ്ര സ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന കുടുംബാരാധന യോഗങ്ങളുടെ ഈ വർഷത്തെ ആദ്യ യോഗം ഒന്നാം വാർഡിൽ പാട്ടത്തിൽ പി. ഐ സാബുവിന്റെ (പ്രസ്ഥാ നംഗമായ സജിൻ സാബുവിന്റെ) ഭവന ത്തിൽ വച്ച് മെയ് 19-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. ഫാ. പി. ഐ തോമസ് വചന പ്രഭാഷണം നടത്തി. അഭിനന്ദ്. പി. ഷായി കൺവീനറായി പ്രവർത്തിച്ചു.

ലേഖനം

ഇനി എന്തു ചെയ്യണം?

ലോയിസ് അന്ന റോബി കാരാണിക്കുളം

ഇനി ഞാൻ എന്തു ചെയ്യണം? എന്താ ഈ ചോദ്യം നിങ്ങൾക്കും പരിചിതമല്ലേ? മനുഷ്യർ പലപ്പോഴും തന്നോടു തന്നെയും മറ്റുള്ളവരോടും ചോദിക്കുന്ന ഒരു സാധാരണ ചോദ്യം. എന്നാൽ ഇതിനുള്ള ഉത്തരം അൽപം ശ്രമകരമായതുതന്നെ. ഏതവസ്ഥയിലും നാം ഈ ചോദ്യം ചോദിക്കാനിടയുണ്ട്. ഏതു തരത്തിലുള്ളവർക്കും ഏതു പ്രായക്കാർക്കും ബാധകമായ ചോദ്യം. അതിനാൽതന്നെ ഒരു പ്രത്യേക ഗണത്തിലേയ്ക്കോ അവസ്ഥയിലേയ്ക്കോ ഇതിനെ തിരിക്കാൻ കഴിയുകയില്ല.

ജീവിതം വഴിമുട്ടി നിൽക്കുന്ന സാഹചര്യത്തിൽ പലരും ഈ ചോദ്യം ആവർത്തിച്ച് തങ്ങളോടു തന്നെ ചോദിക്കുന്നു. ആഹ്ലാദകരമായ ഒരവസ്ഥയിലും ഇതു തന്നെയാണ് നമ്മുടെ സ്ഥിതി. എന്തു ചെയ്യാം, ഏതു ചോദ്യത്തിനും അനുയോജ്യമായ ഒരുത്തരം കണ്ടുപിടിച്ചേ മതിയാവൂ. എന്നാൽ ഈ ചോദ്യത്തിനുള്ള ഉത്തരം നമ്മുടെ ജീവിതത്തിന്റെ മൂല്യം നിർണ്ണയിക്കുന്ന ഒന്നാണ്. അതിനാൽ തന്നെ ഉത്തരം കണ്ടുപിടിക്കുമ്പോൾ അതിസൂക്ഷ്മമായി തന്നെ നാം അതിനെ സമീപിക്കണം. ജീവിതത്തെ നന്മയിലേയ്ക്കോ തിന്മയിലേയ്ക്കോ വഴിതിരിച്ചുവിടാൻ ഉതകുന്നതാണ് ഇതിനുള്ള ഉത്തരം. അപ്പോൾ ഉത്തരം കണ്ടുപിടിക്കുന്നതിൽ നാം ഏറെ ശ്രദ്ധ ചെലുത്തണം. പലപ്പോഴും ഈ ചോദ്യത്തിനു മുന്നിൽ മനുഷ്യൻ പതറി നിൽക്കുന്ന കാഴ്ചയാണ് സാധാരണയായി നാം കാണുന്നത്. ഈ പതർച്ച പിന്നീട് വലിയ ഗർത്തങ്ങളിലേക്ക് നമ്മെ കൊണ്ട് ചാടിക്കുന്നു. ചിലപ്പോൾ മദ്യത്തിനും മയക്കുമരുന്നിനും നാം അടിമയാക്കുന്ന ഒരു കാഴ്ച അല്ലെങ്കിൽ വഴിതെറ്റിയ ജീവിത വീഥികളിൽ നമുക്കാ മനുഷ്യനെ അന്വേഷിക്കേണ്ടി വരും. ഈ ചോദ്യത്തിനു മുന്നിൽ തളർന്നു പോകുന്ന മനുഷ്യൻ പലപ്പോഴും സ്വന്തം ജീവിതം വെടിയാനുള്ള സാധ്യതയാണ് ഏറെയും. സന്തോഷകരമായ ഒരു ചുറ്റുപാടിലാണ് ഈ ചോദ്യം ഒരുവന്റെ മുന്നിൽ വരുന്നത് എങ്കിൽ ഏറ്റവും നല്ല ഏതുത്തരമാണ് തിരഞ്ഞെടുക്കേണ്ടത് എന്ന തത്രപ്പാടിലാവും ഒരുവൻ, ഒടുവിൽ ഒന്നുമില്ലാത്ത ഒരവസ്ഥയും വന്നുചേരാനിടയുണ്ട്.

ചില മനുഷ്യരെ വിജയിപ്പിക്കുന്ന ചോദ്യവും ഇതു തന്നെ. ഇതിനായുള്ള ഉത്തരം അന്വേഷിക്കുന്ന വേളയിൽ അവൻ അറിയാതെ തന്നെ ഒരു പക്ഷേ ഈ ചോദ്യം അവനെ ഉയർത്തുകയാവും. ചിലപ്പോൾ പ്രശ്നക്കാരനും മറ്റു ചിലപ്പോൾ നല്ലവനുമായി നമ്മുടെ മുന്നിൽ അവതരിക്കുന്ന ഈ കുഞ്ഞൻചോദ്യത്തെ സമീപിക്കുന്ന രീതിയിലാണ് അതിന്റെ ഉത്തരം എന്ന ഫലത്തിന്റെ ഗുണം നിർണ്ണയിക്കുന്നത്.

ഇനി ചില ഉദാഹരണങ്ങൾ നോക്കാം. കടക്കെണിയിൽ പെട്ട് കഷ്ടപ്പെടുന്ന ഒരു മനുഷ്യന്റെ മുന്നിൽ എപ്പോഴും ഈ ചോദ്യം ഉണ്ടാവും. ഈ അവസ്ഥയെ രണ്ടു രീതിയിൽ അയാൾക്ക് സമീപിക്കാം. "അയ്യോ... എല്ലാം പോയേ... ഇനി ഞാൻ വിചാരിച്ചിട്ട് ഒരു കാര്യവുമില്ല. മരണം തന്നെ ഏകമാർഗ്ഗം" എന്നു പറഞ്ഞ് അഗാധതയിലേയ്ക്ക് മറയാം. അല്ലെങ്കിൽ, "ഇതൊക്കെയെന്തു നിസ്സാര പ്രശ്നം, എന്നെ തകർക്കാൻ ഇതിനു സാധിക്കുകയില്ല, എന്റെ ഒപ്പം ദൈവമുണ്ട്. പിന്നെ അവൻ തന്ന കഴിവുകളും. എന്റെ കഴിവുകൾ പ്രയോഗത്തിൽ ആക്കിയാൽ ഈ പ്രതിസന്ധി വേഗം തന്നെ മാറും എന്ന വിശ്വാസമെനിക്കുണ്ട്." നോക്കൂ രണ്ട് മനുഷ്യർ ഒരേ പ്രശ്നം രണ്ടു രീതിയിൽ സമീപിക്കുന്നത്.

നഷ്ടങ്ങൾക്കു മാത്രമല്ല ഈ ചോദ്യം, നേട്ടങ്ങൾക്കുമുണ്ട്. ശ്രദ്ധിക്കൂ.... ഒരാൾക്ക് ലോട്ടറി അടിച്ചു എന്ന് വിചാരിക്കുക. 4000 രൂപയാണ് സമ്മാനം. ഈ 4000 രൂപ എന്തു ചെയ്യണം എന്നയാൾ ആലോചിക്കുമ്പോൾ പല ആശയങ്ങൾ അയാളിലേയ്ക്ക് ഓടിയെത്താം. ഒരു പക്ഷേ ഈ 4000 രൂപ മുഴുവൻ കൊടുത്ത് വീണ്ടും ലോട്ടറി വാങ്ങി പത്ത് പൈസാ പോലും അടിക്കാതെയിരിക്കാം. അല്ലെങ്കിൽ ഈ 4000 രൂപാ കൊണ്ട് എന്തെങ്കിലും ഉപകാരമുള്ള ഒരു വസ്തു വാങ്ങാം. എന്തെങ്കിലും വീട്ടുപകരണമോ മറ്റുള്ളവർക്ക് എന്തെങ്കിലും സഹായമോ മറ്റോ ചെയ്യാം.

എന്തെല്ലാമായാലും ദൈവാനുഗ്രഹമുണ്ടെങ്കിൽ മാത്രമേ ഈ ചോദ്യത്തിന് ഉചിതമായ ഉത്തരം കണ്ടുപിടിക്കാനാവൂ. ഇതിനായ് നമുക്ക് ഏറ്റവും അധികം ആശ്രയിക്കാവുന്ന ഒരു സഹായ ഗ്രന്ഥമാണ് വി. വേദപുസ്തകം. സങ്കീർത്തനം, സദൃശ്യവാക്യം, സഭാപ്രസംഗി: ജീവിതത്തിന്റെ സങ്കീർണ്ണ നിമിഷങ്ങളിൽ ഈ ചോദ്യത്തിനുള്ള ഉത്തരം നൽകുന്ന ചില പുസ്തകങ്ങളാണ് മുകളിൽ പറഞ്ഞവ. ഈ മൂന്ന് പുസ്തകങ്ങൾ മനസ്സിരുത്തി ധ്യാനിച്ചാൽ ജീവിതത്തിൽ നേരിടുന്ന ഏതു പ്രശ്നത്തിനും അതിലെ വാക്യങ്ങൾ പരിഹാരം നൽകുന്നവയാണ് എന്ന് മനസ്സിലാക്കാം. ഇവയ്ക്കു പുറമേ മറ്റു ചില പുസ്തകങ്ങളും രക്ഷാസര

(ശേഷം ആറാം പേജിൽ)

Real Meaning of Friendship

Sanju Thomas Pulippara

Oh my dear friend
When I look through your eyes
I can see all your heart
When I smile on you
I can see happiness on your face
When I talk to you
I feel joy on my heart
When I weep
I can see sadness on your face
Oh my dear loving friend
You are my best friend

When I have any problem
I can feel in helpful mind on you
When I was with you
I feel do happy and free
When I was away from you
I feel bow and sad
Oh my dear loving friend
You are a very good lovable friend
Oh my dear loving friend.

വിലാപം

സോബി ചാക്കോ എരുമത്താനം

ആശിച്ചുപോയി ഞാനെൻ ജീവിതത്തിനൊരാലംബമായി നീയെത്തുമെന്ന്.

മോഹിച്ചുപോയി ഞാനെന്റെ സ്വപ്നങ്ങളെ പൂവണിയിക്കാൻ നീ പോരുമെന്ന്.

കൂരിരുൾ മൂടിയ ജീവിതപ്പാതയിൽ പൂനിലാത്തിങ്കളായെത്തുമെന്ന്.

ആരോരുമില്ലാതനാഥനായിത്തീർന്നൊരെൻ ചാരത്തു വന്നു തുണയ്ക്കുമെന്ന്.

കാലിടറുന്നൊരെൻ കൈപിടിച്ചാശ്രയം നല്കി നടത്താൻ ശ്രമിക്കുമെന്ന്.

എങ്ങുമൊരാശ്രയമില്ലാതെയാകുമ്പോൾ താങ്ങും തണലുമായിത്തീരുമെന്ന്.

ആശകൾ സാധിക്കയില്ലെന്നറിഞ്ഞിട്ടുമാശിച്ചുപോകുന്നിതാശയാൽ ഞാൻ.

ആശിക്കാൻ മാത്രം കഴിവുള്ള ഞാനിരുന്നാശിക്കയല്ലാതെയെന്തു ചെയ്യാൻ!

മലങ്കരസഭാ വാർത്തകൾ തത്സമയം അറിയുവാൻ
മലങ്കര ഓർത്തഡോക്സ് ടി. വി.
സന്ദർശിക്കുക
www.malankaraorthodox.tv

ചാരിറ്റബിൾ ട്രസ്റ്റ്: അന്യോന്യം ഐക്യവും അഭിവൃദ്ധിയും

പി. ജെ. അലക്സാണ്ടർ പാലമൂട്ടിൽ (ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി)

നമ്മുടെ പള്ളിയുടെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പ. കാതോലിക്കാ ബാവ ഔപചാരികമായി ഉദ്ഘാടനം ചെയ്ത ചാരിറ്റബിൾ ട്രസ്റ്റ് 2001 ഒക്ടോബറിൽ വ്യവസ്ഥാപിതമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചു. 10 ലക്ഷത്തിൽ കുറയാത്ത തുക മൂലധനമായിനിക്ഷേപിച്ച് അതിന്റെ പലിശ കൊണ്ട് നിർദ്ധനർക്ക് ചികിത്സ, വിവാഹ, ഭവനനിർമ്മാണം, വിദ്യാഭ്യാസം, മരണാനന്തരക്രിയകൾ തുടങ്ങിയവയ്ക്ക് സഹായം നല്കണമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്.

മൂലധന സമാഹരണത്തിന് വേണ്ടി ഇടവകയിലെ ഭവനങ്ങളിൽ ചാരിറ്റി ബോക്സുകൾ വയ്ക്കുകയും ആണ്ടിൽ രണ്ട് തവണ അതിലെ നിക്ഷേപം എടുത്തിട്ടും ഇനിയും ബോക്സിൽ തുകകൾ നിക്ഷേപിക്കേണ്ടതുണ്ടോ? നിക്ഷേപ തുകകൊണ്ട് പാവപ്പെട്ടവർക്ക് എന്തെങ്കിലും ചെയ്യുന്നുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ തുക എടുക്കുവാൻ വീടുകളിൽ എത്തിയപ്പോൾ കേൾക്കുകയുണ്ടായി. ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തനം തുടങ്ങിയിട്ട് 5 1/2 കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനങ്ങൾ ഇടവകാംഗങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല എന്നു കരുതുന്നു. അതുകൊണ്ടാണ് *ജോർജിയനി*ലൂടെ ഇപ്രകാരം ഒരു വിശദീകരണം നൽകാമെന്ന് ആഗ്രഹിക്കുന്നത്.

കഴിഞ്ഞ 5 1/2 വർഷം കൊണ്ട് മൂലധനമായി 12 1/2 ലക്ഷം രൂപ നിക്ഷേപിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കാം. ഇടവകയിലും പുറത്തുമുള്ള പലരുടേയും സംഭാവനകൊണ്ടും എൻഡോമെന്റുകൾ ഏർപ്പെടുത്തിയും ചാരിറ്റി ബോക്സ് മുഖേനയും ശതാബ്ദി വാഗ്ദാന തുക തന്നത് കൊണ്ടും മാത്രമാണ് ഈ തുക സമാഹരിക്കാൻ സാധിച്ചത്. സ്ഥിരനിക്ഷേപ തുകകളുടെ പലിശയായി കഴിഞ്ഞ വർഷം 83,880 രൂപ ലഭിക്കുകയും ചികിത്സ, വിവാഹം, ഭവനനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി 60.000 ൽ അധികം രൂപ സഹായമായി നൽകുകയും ചെയ്തു.

നമ്മുടെ ഇടവകയിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള പല കുടുംബങ്ങളിൽ നിന്നും കുട്ടികളെ നേഴ്സിംഗ് വിദ്യാഭ്യാസത്തിനായി കേരളത്തിനകത്തും വെളിയിലും അയച്ചിട്ടുണ്ട്. കുട്ടികളുടെ ഫീസിനും പ്രതിമാസ ചെലവിനും മറ്റുമുള്ള തുകകൾ കണ്ടെത്തുന്നതിന് രക്ഷിതാക്കൾ വളരെ പ്രയാസപ്പെടുന്നതായും അറിഞ്ഞതുകൊണ്ട് അങ്ങനെയുള്ള കുടുബാംഗങ്ങളെ സഹായിക്കുക എന്നത് ട്രസ്റ്റിന്റെ ചുമതലയായി കണക്കാക്കി ഓരോ മാസവും ഹോസ്റ്റൽ ചിലവിന്റെ പകുതി വരുന്ന തുക അവർക്ക് ജോലി കിട്ടുന്ന മുറയ്ക്ക് തരണമെന്ന വ്യവസ്ഥയിൽ ട്രസ്റ്റിൽ നിന്നും നല്കുവാൻ തീരുമാനിച്ചു. ഓരോ കുട്ടിയ്ക്കും പ്രതിമാസം 500 രൂപ വീതം 2006 ജനുവരി മുതൽ നല്കി തുടങ്ങി. 2006-ൽ 16 കുട്ടികൾക്കും ഇപ്പോൾ 15 പേർക്കും ഈ സഹായം നല്കി വരുന്നു. പലിശ ഇനത്തിൽ ലഭിക്കുന്ന തുക ഈ ആവശ്യത്തിന് കൂടി നൽകുവാൻ കഴിയാത്തതിനാൽ ചാരിറ്റി ബോക്സിൽ നിന്ന് ലഭിക്കുന്ന തുക വിദ്യാഭ്യാസ ആവശ്യത്തിനായി വേർതിരിച്ചിരിക്കുകയാണ്. 2006-07 ൽ ചാരിറ്റി ബോക്സിൽ നിന്നും 1,19,000 രൂപ ലഭിക്കുകയുണ്ടായി.

ശതാബ്ദി ആഘോഷങ്ങളുടെ ആരംഭത്തിൽ തുടങ്ങിയ ജന്മദിനപ്രാർത്ഥന ശതാബ്ദിയുടെ സമാപനത്തോടെ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി മാറി. ഓരോ ആഴ്ചയിലും ജന്മദിനം വരുന്നവർക്ക് ആശംസയോടൊപ്പം സ്തോത്രകാഴ്ച ഇടുന്നതിനുള്ള കവറും അയച്ചു കൊടുക്കുന്നുണ്ട്. എന്നാൽ സ്തോത്രകാഴ്ച ഇട്ട് പള്ളിയിൽ എത്തിക്കുന്ന കവറുകളുടെ എണ്ണം പരിമിതമാണ്. അയയ്ക്കുന്ന കവറുകളിൽ പകുതുയോളം കവറുകൾ മാത്രമേ സ്തോത്രകാഴ്ച ഇട്ട് പള്ളിയിൽ ലഭിക്കാറുള്ളൂ. ജന്മദിന സ്തോത്രകാഴ്ചയായി ലഭിക്കുന്ന തുകകൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടുള്ള ഏറ്റവും അർഹതപ്പെട്ട വീടുകളിൽ മരണം ഉണ്ടാകുമ്പോൾ മരണാനന്തര കർമ്മങ്ങൾക്ക് സഹായമായി ഒരു നിശ്ചിത തുക നല്കുന്നതിനെക്കുറിച്ച് ആലോചിച്ചു വരുന്നു. ഇടവകാംഗങ്ങൾ എല്ലാവരുടേയും ജന്മദിന സ്തോത്രകാഴ്ച കവറുകൾ പള്ളിയിൽ നല്ലൊരു തുകയിട്ട് എത്തിച്ചാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ കഴിയൂ. എല്ലാവരുടേയും സഹകരണം ഈ പുതിയ സംരംഭത്തിന് ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം നിർബന്ധിക്കുന്നു.

നമ്മുടെ ഇടവകയിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള വീടുകളിൽ മരണം ഉണ്ടാകുമ്പോൾ സഹായം നല്കേണ്ടതുണ്ടെങ്കിൽ വിവരം വികാരിയേയും, ചാരിറ്റബിൾ സെക്രട്ടറിയേയും അറിയിക്കേണ്ടതാണ്. വിവരം അറിഞ്ഞാൽ കഴിവതും വേഗം സഹായതുക ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയുടെ ചുമതലയിൽ ബന്ധപ്പെട്ട ഭവനത്തിൽ എത്തിക്കുന്നതുമാണ്.

ചാരിറ്റബിൾ ട്രസ്റ്റിന് എല്ലാവിധ സഹായസഹകരണങ്ങളും നൽകുന്ന ഇടവകാംഗങ്ങളോടും മറ്റ് അഭ്യുദയകാംക്ഷികളോടുമുള്ള നന്ദി ദൈവനാമത്തിൽ അറിയിക്കുന്നു.

പ്രതിഭാവേദി

കായികരംഗത്ത് പുത്തൻ താരോദയം....



കോട്ടയം ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന തല സബ് ജൂണിയർ ബാസ്കറ്റ് ബോൾ മത്സരത്തിൽ കളിച്ചതിന്റെ ആവേശത്തിലാണ് പാട്ടത്തിൽ അഖിൽ മാത്യു. ടൂർണമെന്റിൽ കോട്ടയം മൂന്നാമതായി പോയെങ്കിലും അഖിലിന്റെ കളി സംസ്ഥാന ടീമിലേയ്ക്കുള്ള വഴിതിരിവാകുമെന്ന പ്രതീക്ഷയിലാണ് സഹോദരൻ നിഖിൽ. സംസ്ഥാന ടീമിലെത്തുന്നതിനായി അവധി ദിവസങ്ങളിൽ കഠിനമായ പരിശീലനത്തിലാണ് അഖിൽ.

പാട്ടത്തിൽ പി. ഐ. മാത്യുവിന്റെയും ഷാലി മാത്യുവിന്റേയും മകനായ അഖിൽ മാത്യു കളത്തിപ്പടി ഗിരിദീപം ബഥനി സെൻട്രൽ സ്കൂളിൽ എട്ടാംക്ലാസ്സ് വിദ്യാർത്ഥിയാണ്. സ്കൂൾ അദ്ധ്യയന സമയത്തിനു ശേഷം മുതിർന്ന വിദ്യാർത്ഥികളുടെ കളി കണ്ട് നേരമ്പോക്കിനായിട്ടാണ് അഖിൽ ബാസ്കറ്റ് ബോൾ കളി തുടങ്ങിയത്. പരിശീലനങ്ങളിലൂടെ ലഭിച്ച അവസരങ്ങൾ ഫലപ്രദമാക്കിയ അഖിലിന്റെ കളിയിലെ കഴിവ് തിരിച്ചറിഞ്ഞ അദ്ധ്യാപകർ അഖിലിന് സ്കൂൾ ടീമിൽ ഇടം നല്കി. ജില്ലാ തലത്തിലുള്ള മത്സരങ്ങളിൽ ഗിരിദീപത്തിനുവേണ്ടി തിളങ്ങിയ അഖിൽ പിന്നീട് ജില്ലാ ടീമിൽ എത്തുകയായിരുന്നു. സഹോദരൻ നിഖിലിന്റേയും മാതാപിതാക്കളുടെയും പ്രത്യേകിച്ച് അമ്മ ഷാലിയുടെയും പ്രോത്സാഹനവും പിന്തുണയും ദൈവാനുഗ്രഹവുമാണ് തന്റെ വിജയങ്ങൾക്ക് അടിസ്ഥാനമെന്ന് അഖിൽ പറയുന്നു.

സ്കൂൾ തലത്തിൽ ഓട്ടത്തിനും ചാട്ടത്തിനും ധാരാളം സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുള്ള അഖിൽ മിമിക്രി, കോമഡി എന്നിവയിലൂടെ തന്റെ കലാരംഗത്തെ കഴിവും തെളിയിച്ചിട്ടുണ്ട്. ബാസ്കറ്റ് ബോൾ കൂടാതെ ക്രിക്കറ്റും നന്നായി കളിക്കുന്ന അഖിൽ ഒഴിവു സമയങ്ങളിൽ കഥകൾ വായിക്കുകയാണ് പതിവ്. ദേശീയ ടീമിൽ ഇടം നേടണമെന്ന സ്വപ്നം കാണുന്ന അഖിലിന് ഭാവിയിൽ നല്ലൊരു എഞ്ചിനിയർ ആകണമെന്നാണ് ആഗ്രഹം.

അഖിലിന്റെ വിജയങ്ങൾക്ക് എന്നും കൂടെയുള്ളതും അഖിലിന് ആവേശം നല്കുന്നതും ഗിരിദീപത്തിൽ തന്നെ എട്ടാംക്ലാസ്സിൽ പഠിക്കുന്ന ഇരട്ട സഹോദരനായ നിഖിൽ മാത്യുവാണ്.

– ഹാൻസ് ബാബു
സജിൻ പി. സാജൻ

സപ്തതി ആഘോഷങ്ങൾക്ക്...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

മന്ത്രി ഉമ്മൻചാണ്ടിയാണ് സപ്തതിയാഘോഷ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചത്.

യുവജന പ്രസ്ഥാനം മലങ്കരാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് മുമ്പു തന്നെ ഈ ഇടവകയിലെ യുവജനങ്ങൾ ഒന്നിച്ചു കൂടി പ്രാർത്ഥിക്കുകയും വേദപഠനം നടത്തുകയും ചെയ്തിരുന്നു. മലങ്കര സിറിയൻ ക്രിസ്ത്യൻ യുവജന സമാജം രൂപം കൊള്ളുകയും 1937 ൽ പി. ജെ. ദാനിയേൽ ക്ലേറി (പിന്നീട് ദാനിയേൽ മാർ പീലക്സിനോസ് സമാജത്തിന്റെ പ്രഥമ സെക്രട്ടറിയായി നിയമിതനാകുകയും ചെയ്ത കാലഘട്ടത്തിലാണ് കുഴിമറ്റം സെന്റ് ജോർജ് പള്ളിയിലും യുവജന പ്രസ്ഥാനം രൂപം കൊള്ളുന്നത്.

സപ്തതി വർഷത്തിൽ മുൻകാല പ്രവർത്തക സംഗമം, സപ്തതി വർഷത്തിലെ പ്രവർത്തന ഉദ്ഘാടനം, കുഴിമറ്റം സെന്റ് ജോർജ് എൽ. പി. സ്കൂളിലെ നിർദ്ധനരായ 25 കുട്ടികൾക്ക് ബാഗ് വിതരണം, എസ്. എസ്. എൽ. സി., പ്ലസ് ടു വിജയികൾക്ക് അവാർഡ് ദാനം, 69-ാമത് യൂണിറ്റ് വാർഷികം, കോട്ടയം ജില്ലയിലെ 786 കുട്ടികൾ പങ്കെടുത്ത "നിറക്കൂട്ട്" ചിത്രരചനാമത്സരം, സെന്റ് തോമസ് അനുസ്മരണം, ഡാവിഞ്ചി കോഡ് സംവാദം, സ്വാതന്ത്ര്യദിനാഘോഷം, ബഥനി ആശ്രമത്തിൽ ബഹു. ജോസഫ് അച്ചന്റെ ജന്മദിനാഘോഷം, യുവജനവാരാഘോഷത്തോടനുബന്ധിച്ച് കിസ് മത്സരം, അത്തപ്പൂക്കളമൊരുക്കൽ, ഭവന സന്ദർശനം, കുടുംബാരാധനായോഗം, ഓണാഘോഷ പരിപാടികൾ, കലാകായിക മത്സരങ്ങൾ, പ്രകൃതി പഠനയാത്ര, വ്യക്തിത്വ വികസന ക്ലാസ്സ്, പള്ളി ശുചീകരണം, യുവജനദിനാഘോഷം എന്നിവ നടത്തപ്പെട്ടു.

പിതൃപ്രണാമ നിശയും ചെറിയ പെരുന്നാളും, ഹെവൻലി നൈറ്റ് 2006, ചിക്കുൻഗുനിയാ ബോധവത്കരണവും പ്രതിരോധ മരുന്ന് വിതരണവും ശുചീകരണ പരിപാടികളും, എല്ലാ വാർഡുകളിലും കുടുംബാരാധനാ യോഗങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്രിസ്തുമസ് മധുരം എന്ന പേരിൽ കേക്ക് വിപണനം, റിപബ്ലിക് ദിനാഘോഷം, സ്നേഹസാഹോദര്യജ്വാല, കവിതാ രചനാമത്സരം, പരിശുദ്ധ ബാവാ തിരുമേനിയുടെ ജന്മദിനാഘോഷം, വചനാത്മഘോഷം തുടങ്ങി പുതുമയാർന്ന വിവിധ പരിപാടികൾ പ്രസ്ഥാനം വിജയകരമായി നടത്തുകയുണ്ടായി.

പരുമല, വള്ളിക്കാട്ട്, ദേവലോകം, പഴയ സെമിനാരി, പാമ്പാടി, പുതുപ്പള്ളി എന്നിവിടങ്ങളിൽ നടന്ന പെരുന്നാളുകളിൽ നമ്മുടെ പ്രസ്ഥാനാംഗങ്ങൾ പങ്കെടുക്കുകയും നേതൃത്വം നല്കുകയും ചെയ്തിട്ടുണ്ട്. പിതൃപ്രണാമ നിശയ്ക്കും ചെറിയ പെരുന്നാളിനും ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാർമ്മികത്വം വഹിച്ചു.

മാവേലിക്കര പത്തിച്ചിറ പള്ളിയിൽ നടന്ന യുവജനപ്രസ്ഥാനം കേന്ദ്ര വാർഷിക ക്യാമ്പിൽ രഞ്ജു കെ. മാത്യു, ഗീവറുഗീസ് സി. ആർ., റിറ്റു ഫീലിപ്പോസ് എന്നിവരും ഡൽഹിയിൽ നടന്ന കേന്ദ്ര സപ്തതി സമാപന സമ്മേളനത്തിൽ പ്രസ്ഥാനാംഗമായ രഞ്ജു കെ. മാത്യുവും പങ്കെടുത്തു.

പ്രസ്ഥാനം കോട്ടയം ഭദ്രാസന പരിപാടിയായ "മധുര ജീവിതത്തിന്റെ പ്രകാശ മുഖങ്ങളിലേയ്ക്ക്" എന്ന കുടുംബ നവീകരണ സെമിനാറും പള്ളം ഡിസ്ട്രിക്ട് യൂത്ത് ഫെസ്റ്റും നമ്മുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. പ്രസ്ഥാനാംഗങ്ങളുടെ വായനാശീലം വളർത്തുവാൻ ജോർജിയൻ ക്രിസ്തീയ ലൈബ്രറി, ചർച്ചാവേദി, ധ്യാനവേദി, പ്രസംഗവേദി, പഠന വേദി, സയൻസ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, കിസ് ക്ലബ്ബ് എന്നിവ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.

സപ്തതി ആഘോഷ പരിപാടികൾക്ക് ഫാ. ജയ് സഖറിയാ പ്രസിഡന്റും പി. ജെ. കുര്യൻ, ജോബി പി. ചെറിയാൻ എന്നിവർ വൈസ് പ്രസിഡന്റുമാരായും ഗീവർഗീസ് സി. ആർ. സെക്രട്ടറിയായും ഹാൻസ് ബാബു, റ്റിന്റു തോമസ് എന്നിവർ ജോയിന്റ് സെക്രട്ടറിമാരായുള്ള പ്രസ്ഥാനം ഭരണസമിതിയാണ് നേതൃത്വം നൽകിയത്.

കഥ

പെയ്തൊഴിയാതെ..

റെയ്നി തോമസ് പാട്ടത്തിൽ

'തെരുവിന്റെ സന്തതി' യെന്ന വിളിപ്പേരിനായോ, അനാഥത്വത്തിന്റെ കയ്പും മധുരവും അനുഭവിക്കുവാനോ ജീവിക്കുവാൻ പഠിപ്പിക്കുവാനോ ആവാം കേട്ടു മാത്രം പരിചയമുള്ള ആ അമ്മ എന്നെ ഉപേക്ഷിച്ചത്. ഒരാശ്രമത്തിന്റെ മടിത്തട്ടിൽ എന്നെ അമ്മ ഉപേക്ഷിച്ചു പോയെങ്കലും ആ ബന്ധം എന്നെ പിന്തുടരുന്നുണ്ട് എന്ന് പലപ്പോഴും തോന്നാറുണ്ട്. പുലർകാലത്തിന്റെ വിരങ്ങലിച്ച ആ നിശബ്ദതയിൽ തനിയെ ആ വാകമരച്ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ പോലും അറിയാതെ ആ അമ്മ എന്നെ തട്ടിയുണർത്തുന്നു. മനസ്സിന്റെ ഉള്ളറകളിൽ ഞാൻ സൂക്ഷിക്കുന്ന മോഹങ്ങളും മോഹഭംഗങ്ങളും ആ അമ്മയുടെ നിറമിഴികളിൽ തെളിഞ്ഞിരുന്നു. എന്റെ ബാല്യത്തേയും കൗമാരത്തേയും അടുത്തുള്ളവരേക്കാൾ മനസ്സിലാക്കിയത് പുലർവേളയിൽ ആ വൃക്ഷത്തിൽ നിന്നുതിരുന്ന മഞ്ഞുതുള്ളികളാവാം... അദൃശ്യയായ ഒരു അമ്മയുടെ കണ്ണീരാവാം.....

അനാഥാലയത്തിലെ കുട്ടികളോടൊപ്പം ഞാനും സ്കൂളിലെത്തി. അനാഥത്വം ശല്യപ്പെടുത്താത്ത ജീവിതങ്ങളെ ഞാൻ കണ്ടു. പഠനരംഗത്തെ മത്സരങ്ങൾ എന്നെ രസിപ്പിച്ചിരുന്നു. പിൻതള്ളപ്പെടുമെന്നറിഞ്ഞുകൊണ്ട് തന്നെ ഞാൻ അവിടെ കാഴ്ചക്കാരനായി. മത്സരങ്ങൾ ഹൃദയങ്ങളെ മുറിവേല്പിച്ചപ്പോൾ ഒരു പ്രോത്സാഹനം നൽകുവാൻ ആരുമില്ലാതിരുന്നതെത്ര നന്നായി എന്നു ഞാൻ കുറിച്ചിട്ടു. കലാലയത്തിന്റെ നിറം പിടിപ്പിച്ച ചിറകിലേറി ലഹരിയുടെ കയങ്ങളിലേക്ക് ഞാനുൾപ്പെടുന്ന കൗമാരം കുതിച്ചപ്പോഴും ഞാൻ മാതാപിതാക്കളെ വഞ്ചിക്കുന്നില്ലല്ലോ എന്നോർത്താശ്വസിച്ചു. അപ്പൂപ്പൻ താടിയേക്കാൾ ലോലമായ ഹൃദയബന്ധങ്ങൾ എന്നെ അനാഥത്വത്തിന്റെ മധുരമറിയിച്ചു. ആ പ്രതിഷേധങ്ങളും പ്രതികരണങ്ങളും ഞാൻ പങ്കുവച്ചത് എന്റെ അമ്മയുടെ അരികിലായിരുന്നു.

ജീവിതം ചോദ്യചിഹ്നമാവുന്ന ഈ അവസ്ഥയിലും ഞാൻ വന്നിരിക്കുന്നത് എന്റെ അമ്മയുടെ അരികിലാണ്. പക്ഷേ, അമ്മ നിശബ്ദയാണ്. ആശ്വാസമുണർത്തുന്ന ഒരു ചെറുചലനം പോലും അമ്മയിലുണർത്താൻ എന്റെയുള്ളിലെ കൊടുങ്കാറ്റിനായില്ല. എന്റെ ജീവിതം ഇവിടെ തുടങ്ങുകയാണ്. ആശ്രമത്തിന്റെ നാലു ചുവരുകൾക്കുള്ളിലെ സുരക്ഷക്ഷിതത്വം പതിനെട്ടു വയസ്സുവരെ മാത്രം. ഇനിയെന്ത്? എനിക്കറിയില്ല. കോടിക്കണക്കിന് ജീവിതങ്ങൾക്കിടയിൽ ഞാനും. ഇത് അവസാനത്തെ സ്നേഹസംഭാഷണമാവാം. ഞാൻ തിരഞ്ഞെടുക്കുന്ന വഴികൾ എന്നെ ഇവിടെ നിന്ന് അകറ്റിയേക്കാം, അല്ലെങ്കിൽ ഒരു നിമിത്തം പോലെ ഞാനിവിടെ വീണ്ടും എത്തിച്ചേരാം; എടുക്കുന്ന തീരുമാനങ്ങൾ അനാഥത്വത്തിന്റെ ആഴത്തെ ആശ്രയിച്ചാവണം. ഞാൻ പോവുകയാണ്. ഈ ലോകത്തെ വെറുപ്പിക്കുന്ന മൃഗീയതയിലേക്ക്, നിർവികാരതയിലേക്ക്...

ശുഭയാത്ര നേർന്നുകൊണ്ട്, അസ്തമയ സൂര്യനെ സാക്ഷിനിർത്തി എന്റെ വൃക്ഷം വീണ്ടും കരഞ്ഞു. അത് ഒരു പക്ഷേ കുഞ്ഞിനെ നഷ്ടപ്പെടുന്ന ഒരമ്മയുടെ നിസ്സായമായ വിലാപമാവാം, അല്ലങ്കിൽ അഭിമാനം തുളുമ്പുന്ന, ആശംസ നേരുന്ന ആനന്ദാശ്രുക്കളാവാം. പെയ്തൊഴിയാതെ അതെന്നെ പിന്തുടരുമായിരിക്കാം...

കഥ

ഒരു യാത്രികന്റെ തേങ്ങലുകൾ

ജേക്കബ്. സി. കെ. ചിറപ്പുറം

പകല് എരിഞ്ഞടങ്ങുന്ന സൂര്യന്റെ കാഠിന്യം ശരീരത്തെ തളർത്തുകകയാണ്. കണ്ണുകൾ ചിമ്മിതുറന്നെങ്കിലും ഒന്നും വ്യക്തതയോടെ കാണുന്നില്ല. ഉപബോധ മനസ്സിൽ ഒരു യാത്രയുടെ ചിത്രം തെളിയുന്നുണ്ട്. അടുത്തൊരു പകലിന്റെ തുടക്കത്തിനായി പ്രകൃതി ഒരുങ്ങി തുടങ്ങി. എത്ര ദൂരം പിന്നിട്ടെന്നോ ഇനിയും എത്രദൂരം താണ്ടണമെന്നോ ഇപ്പോഴും വ്യക്തമല്ല. വാഹനത്തിനുള്ളിലെ മറ്റു യാത്രികരും നിദ്രയുടെ കൈയ്പിടിയിലാണ്. ചിലർ മുക്കിയും മൂളിയും അവ്യക്തതയോടെ പിറുപിറുക്കുന്നത് കേൾക്കാം. മറ്റു ചിലർ കൂർക്കം വലിയുടെ ഉൻമാദത്തിലാണ്. നീണ്ടു നിവർന്നു കിടക്കുന്ന റോഡുകൾ യാത്രയ്ക്ക് അനുയോജ്യമായവയാണ്. ഗ്രാമീണസൗകുമാര്യം പേറി നിൽക്കുന്ന പ്രകൃതി വഴിയോരകാഴ്ചകൾക്ക് വ്യക്തത നൽകി. ഉയർന്നു നിൽക്കുന്ന കുന്നിൻ ചെരിവുകൾ മൂടൽ മഞ്ഞിന്റെ പുതപ്പ് തുറന്ന് പുറത്തേക്ക് വരുന്നു. കാർമേഘങ്ങൾ കൂട്ടമായി ഒഴുകി നടക്കുന്നു. വണ്ടിയുടെ ഗ്ലാസ് ഞാൻ അല്പം വലിച്ചു നീക്കി. ഈറനണിയിക്കുന്ന കുളിർക്കാറ്റ് എന്നെ അനുഭൂതിയുടെ തീരങ്ങളിലേക്കാനയിച്ചു. ഇന്നലെ സന്ധ്യയോടെ ആരംഭിച്ച യാത്രയാണിത്. വഴിയരികിൽ സ്ഥാപിച്ചിരിക്കുന്ന നാമകരണ സൂചികകളിൽ എനിക്ക് എത്തേണ്ടതായ സ്ഥലത്തേക്കുള്ള ദൂരം രേഖപ്പെടുത്തിയിരിക്കുന്നു. യാത്രയുടെ അനുഭവങ്ങൾ സുഖകരങ്ങളാണ്. ഒരു വേർപാടിന്റെ ദുഃഖമാണ് അനുഭവിക്കുന്നതെങ്കിൽ യാത്രകൾ വിരസ്സമാകും. എന്നാൽ കണ്ടറിയാനുള്ള വ്യഗ്രതതയോടെയാണെങ്കിൽ ഒട്ടനവധി അനുഭവങ്ങൾക്ക് സാക്ഷിയാകും. ഒരുപാട് മോഹങ്ങളും, സ്വപ്നവും പേറിയ യാത്രികരാകാം എന്റെ കൂടെയുള്ളത്. ആഗ്രഹിക്കുമ്പോൾ സാധ്യമാകുന്ന ഒരു സങ്കല്പമാണ് എന്റെ യാത്രകൾ. വാഹനം വഴയോരകാഴ്ചകളെ മാടിവിളിച്ച് പായുകയാണ്. കൊഴിയുന്ന ഓരോ നിമിഷങ്ങളും വിലപ്പെട്ടതാണ്. സമയത്തിന്റെ ദാർഷ്ട്യം എല്ലാവരേയും അമ്പരിപ്പിക്കും. വീണ്ടും നിദ്രയുടെ കോണിലേക്ക് മാടിവിളിക്കുന്നു. വലിയൊരു ഉലച്ചിലോടെ വണ്ടി നിന്നു. നിദ്രയിൽ നിന്നും ഞെട്ടിയുണർന്ന ഞാൻ എതിരെ കിടക്കുന്ന വാഹനത്തെ കണ്ടു. ആരുടെയോ അശ്രദ്ധ ഒരു അപകടത്തിനു വഴി തെളിച്ചു. ഭാഗ്യം ഒന്നും സംഭവിച്ചില്ല. ഇവിടെയാണ് വിശ്വാസങ്ങൾക്ക് അതീതമായ ഒരു ശക്തിയുടെ ഉറവിടത്തെ ആരാധിച്ചു പോകുന്നത്. അമ്പരപ്പിന്റെ നിമിഷങ്ങൾ വീണ്ടും മാറിപ്പോയി. ഞാൻ ഒരു സ്വപ്നലോകത്തിന്റെ ചിറകിലാണ്. ഈ യാത്രയുടെ പ്രചോദനം എന്റെ സുഹൃത്താണ്. അവൻ അവിടേക്ക് എപ്പോഴും ക്ഷണിക്കും. പക്ഷേ സാഹചര്യങ്ങൾ ഇപ്പോഴാണ് ഒത്തുവന്നത്. അവന്റെ കരുതലുകളിൽ പ്രതീക്ഷ അർപ്പിച്ചുള്ള ഒരു യാത്രയാണിത്. മനസ്സിന്റെ അടിത്തട്ടിൽ ഉയർന്ന സന്തോഷം തീപ്പൊരിയായി. കാഴ്ചയുടെ ഓരോ ദർശനങ്ങൾക്കും വേഗതയേറുയാണ്. ഹുങ്കാര ശബ്ദത്തോടെ അതു നിലച്ചു. ഞെട്ടിയുണർന്ന ഞാൻ ചുറ്റും നോക്കി. രാത്രിയുടെ ഇരുളിമ എനിക്കു ചുറ്റും പരന്നു കിടക്കുന്ന മിന്നാമിനുങ്ങിനെപ്പോലെ അവിടിവിടെയായി തെളിഞ്ഞിരിക്കുന്ന ദീപങ്ങൾ. രാത്രിയുടെ നിശബ്ദവീചികളിൽ ഒരു ശബ്ദം മാത്രം കേൾക്കാം. ടിക്, ടിക് സമയം അതിന്റെ കൃത്യതയിൽ മുൻപോട്ട് ചലിക്കുന്നു. എഴുതിച്ചേർക്കുവാൻ ഇനിയും താളുകൾ അവശേഷിക്കുന്നില്ല. എന്റെ ഡയറിയിലെ അവസാന പേജിലും കുത്തിനിറച്ച് ആ സ്വപ്നലോകത്തിലെ യാത്രികന്റെ സ്വകാര്യ സ്വപ്നങ്ങൾ കുറിച്ചു. ഇനിയും ഒരു യാത്ര തുടങ്ങണം.

നവദമ്പതികൾക്ക് യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ

കുന്നങ്കര പുത്തൻപുരയിൽ ബിബിൻ. കെ. ഫിലിപ്പും റുബിയും.

ചേലചിറ ചിറപ്പുറത്ത് ബിനോ തോമസും ആശയും.



ആഞ്ഞിലിമൂട്ടിൽ ആശ തോമസും റജിയും.

ചാലുവേലിൽ വിജോ വർക്കിയും ഷീബയും.

പാടാച്ചിറയിൽ പ്രഭാ തോമസും അരുണും.



കൊച്ചുപറമ്പിൽ ജീന സ്കറിയായും ജിജോയും.

കരോട്ടു പുത്തൻപുരയ്ക്കൽ ജോബിൾ ജോർജും ബബിതയും.

ഉത്തമ വിവാഹങ്ങൾക്ക്
ഉത്തമ സഹായി

മംഗല്ല്യ

മാര്യേജ് ബ്യൂറോ

എൻ. എസ്. എസ് ഹൈസ്കൂളിനു സമീപം
കുഴിമറ്റം, കോട്ടയം
ഫോൺ: 0481 - 2330322, 0481 - 2435666,
0481 - 2431266, 9847610588 (മൊബൈൽ)

ഏതു മതത്തിലും ജാതിയിലുമുള്ള വിവാഹങ്ങൾ
ഉത്തരവാദിത്വത്തോടെ നടത്തിക്കൊടുക്കുന്ന
പനച്ചിക്കാട് പഞ്ചായത്തിലെ ഏകസ്ഥാപനം.

ഇനി എന്തു ചെയ്യണം?...

(നാലാം പേജിൽ നിന്നും തുടർച്ച)

ണികളാണ് എന്ന് നാമറിയേണ്ടതുണ്ട്. എല്ലാത്തിനേയും ശുഭാപ്തി വിശ്വാസത്തോടെ കാണുവാൻ ഇതു നമ്മെ സഹായിക്കും, എങ്കിൽ മാത്രമേ നമുക്ക് വിജയിക്കാൻ സാധിക്കൂ. ഈ വർഷാരംഭത്തിൽ എനിക്കു ലഭിച്ച വേദവാക്യം ഒന്ന് ശ്രദ്ധിക്കൂ... സങ്കീ: 16:8 'ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ ഒരുനാളും കുലുങ്ങിപ്പോവുകയില്ല.'

എല്ലാത്തിനും ഉത്തരം നൽകുന്ന വിശുദ്ധ ഗ്രന്ഥത്തെ നമുക്ക് കൂടുതലായി പഠിക്കാൻ ശ്രമിക്കാം. കാലം നൽകുന്ന എന്തിനേയും ധൈര്യപൂർവ്വം നേരിടാനുള്ള ശക്തി അതിൽ നിന്നു നമുക്കാർജ്ജിക്കാം. നാളെയെപ്പറ്റി വ്യാകുലപ്പെടാനല്ല ഈ ചോദ്യം എന്നു മനസ്സിലാക്കുക. വ്യക്തതയോടെ ജീവിതത്തിൽ മുന്നേറുവാനാണിത്. ഇത് നമ്മെ തളർത്താതിരിക്കാൻ നമുക്ക് ശ്രമിക്കാം. ഈ ലേഖനം ചുരുക്കാൻ സാധിക്കുന്ന ഒന്നല്ല എന്നെനിക്ക് തോന്നുന്നു. എങ്കിലും ഒരു കാര്യം വീണ്ടും ഓർമ്മിപ്പിക്കട്ടെ - ഏതു പ്രശ്നത്തിനും പരിഹാരം ശുഭാപ്തി വിശ്വാസത്തോടെ ദൈവത്തിലാശ്രയിച്ച് അവൻ കാണിച്ചു തന്ന സത്യങ്ങൾ പ്രമാണിക്കുമ്പോഴാണെന്ന് പൂർണ്ണമായി വിശ്വസിക്കുക. മറ്റൊരവസരത്തിൽ എന്നെ ശക്തിപ്പെടുത്തിയ ഒരു വാക്യം കൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു. 1. കൊരി: 10:13 'മനുഷ്യർക്ക് നടപ്പില്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്ക് കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.'

◆

വായിക്കുക... വരിക്കാരാവുക...

യുവദർപ്പണം

യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ മുഖപത്രം
വാർഷിക വരിസംഖ്യ: 20 രൂപ

Printed and Published by Fr. P. A. Thomas, President St. George Youth Movement, Kuzhimattom. Editor: Geevarghese C. R., Chirappuram, Kuzhimattom P. O., Kottayam
Printed at Sophia Print House, Thekkenada, Kottayam, Ph: 3255054, 99471 20697